പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :7083

2.11.2011-ൽ മറുപടിയ്ക്ക്

ഉത്തരവാദിത്ത ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) ഉത്തരവാദിത്ത വിനോദസഞ്ചാരം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) കോവളം, കുമരകം, തേക്കടി, വയനാട് എന്നിവിടങ്ങളിൽ നടപ്പിലാക്കിയ പരീക്ഷണ പദ്ധതികളിൽ നിന്ന് പാഠമുൾക്കൊണ്ടുകൊണ്ട് ഉത്തരവാദിത്വ ടൂറിസം പരിപാടിയെ കേരളമെമ്പാടും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ആഗോള സുസ്ഥിര വിനോദ സഞ്ചാര മാനദണ്ഡമനുസരിച്ച് ടൂറിസം സേവന ദാതാക്കളെ തരംതിരിക്കുന്നതിനായി റെസ്പോൺസിബിൾ ടൂറിസം ക്ലാസിഫിക്കേഷൻ പരിപാടിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങൾ, എൻ.ജി.ഒ കൾ, കാർഷിക മൃഗസംരക്ഷണ മത്സ്യബന്ധന വകുപ്പ്, ടൂറിസം,വ്യവസായം എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ ഉത്തരവാദിത്ത ടൂറിസം കർമ്മ സേന രൂപീകരിക്കുന്നതാണ്. |
| ബി) അത് പ്രാദേശിക മേഖലയിലും സംസ്ഥാനത്തിനാകെയും പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) സ്വീകരിച്ചു വരുന്നു. |
| സി) ഡെസ്റ്റിനേഷൻ, എന്റർപ്രൈസ് എന്നീതലങ്ങളിൽ അത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | സി) ഡെസ്റ്റിനേഷൻ അടിസ്ഥാനത്തിൽ ഇപ്പോൾ നടത്തിവരുന്ന ഉത്തരവാദിത്ത ടൂറിസത്തിന്റെ റോൾ ഔട്ടും , എന്റർപ്രൈസ് ലെവലിൽ ഇത്തരത്തിൽ ഉത്തരവാദിത്ത ടൂറിസം പ്രാക്ടീസ് ചെയ്യുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഒരുപുതിയ ക്ലാസിഫിക്കേഷൻ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻഓഫീസർ